ഇരിങ്ങാലക്കുട മുനിസിപ്പൽ ബസ് സ്റ്റാന്റ്

1194 [2160] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിങ്ങാലക്കുട മുനിസിപ്പൽ ബസ്സ്റ്റാന്റിന്റെ വികസനത്തിനായി അർബൻ ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽനിന്ന് ലോൺ എടുത്തിട്ടുണ്ടോ; എങ്കിൽ തുക എത്ര;

(ബി) ലോൺ സംഖ്യയ്ക്ക് 30–6–1986 വരെ മുനിസിപ്പാലിറ്റി പലിശയിനത്തിൽ എത്ര സംഖ്യ നൽകി;

(സി) ബസ്സ്റ്റാന്റിന്റെ വികസന പ്രവർത്തനത്തിലുള്ള താമസത്തിന്റെ കാരണമെന്താണ്?

ഉത്തരം

(എ) 4.4 ലക്ഷം രൂപ.

(ബി) 1,40,973.29 രൂപ.

(സി) സ്ഥലമുടമകൾ ഇപ്പോൾ ഹൈക്കോടതിയിൽ കേസ് കൊടുത്തിരിക്കുകയാൽ കേസ് തീർപ്പാക്കുന്നതുവരെ ഒന്നും ചെയ്യാൻ നിവർത്തിയില്ല.

കാസർകോട് മുനിസിപ്പാലിറ്റിയ്ക്ക് ഒരു ടൗൺഹാൾ പണിയുന്ന നടപടി

1195 [2161] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോഡ് മുനിസിപ്പാലിറ്റിയ്ക്ക് ഒരു ടൗൺഹാൾ പണിയുവാൻ മുനിസിപ്പാലിറ്റി തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ പണി തുടങ്ങുവാനുള്ള കാലതാമസത്തിന് കാരണം വ്യക്തമാക്കുമോ;

(സി) എപ്പോൾ അതിന്റെ പണി ആരംഭിക്കുവാൻ കഴിയും?

ഉത്തരം

(എ) ഉണ്ട്.

(ബി) പണിയുവാൻ ഉദ്ദേശിച്ച് സ്ഥലം ഇതുവരെയും സർക്കാർ കൈമാറ്റം ചെയ്തിട്ടില്ല. ഇതിനെ സംബന്ധിച്ച എഴുത്തുകുത്തുകൾ നടക്കുന്നതേയുള്ളൂ.

(സി) സ്ഥലം കൈമാറ്റം ചെയ്തു കിട്ടിയാലും എസ്റ്റിമേറിന് ഭരണപരവും സാങ്കേതികവുമായ അനുമതി കിട്ടിയതിനുശേഷമേ പണി ആരംഭിക്കാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly